**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5492**
**02.11.2016 ലെ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.പി. ഉബൈദുള്ള** | ബഹു: ധനകാര്യവും കയറും വകുപ്പുമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് പേഴ്സണൽ ഇൻഷ്വറൻസ് എന്നു മുതലാണ് ആരംഭിച്ചത്; | 29.05.2007 മുതൽ പ്രാബല്യത്തിൽ 29.05.2007 ലെ സ. ഉ. (അച്ചടി) നം. 221/2007/ധന പ്രകാരമാണ് സർക്കാർ ജീവനക്കാർക്കുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് ആരംഭിച്ചത്. |
| ബി | ഈ പദ്ധതി പ്രകാരം ജീവനക്കാർക്ക് ഏതു തരത്തിലുള്ള അപകടങ്ങൾക്കാണ് ധനസഹായങ്ങൾ നൽകി വരുന്നത്; വിശദാംശം നൽകുമോ; | ഈ പദ്ധതി പ്രകാരം ഈ സ്കീമിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടമരണം, അപകടം മൂലം രണ്ട് കൈയോ കാലോ നഷ്ടപ്പെടുക അല്ലെങ്കിൽ രണ്ട് കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടുക, അപകടം മൂലം ഒരു കണ്ണും, ഒരു കാലോ കൈയോ നഷ്ടപ്പെടുക, അപകടം മൂലം സ്ഥിരമായതും പൂർണ്ണമായതുമായ അംഗവൈകല്യം സംഭവിക്കുക എന്നിവയ്ക്ക് 10 ലക്ഷം രൂപയും, അപകടം മൂലം ഒരു കാല്, ഒരു കൈ അല്ലെങ്കിൽ ഒരു കണ്ണിന്റെ കാഴ്ച ശക്തി നഷ്ടപ്പെടുക എന്നിവയ്ക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകിവരുന്നു. |
| സി | ഇതിനകം ഈ പദ്ധതിയിൽ നിന്നും എത്ര ജീവനക്കാർക്ക് എന്തു തുക ധനസഹായം അനുവദിച്ചിട്ടുണ്ട്; | ഇതിനകം ഈ പദ്ധതിയിൽ നിന്നും 716 ജീവനക്കാർക്കായി ആകെ 60,01,66,668/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| ഡി | ജീവനക്കാരിൽ നിന്നും ഇതുവരെ എന്തു തുക ഇൻഷ്വറൻസ് ഇനത്തിൽ പിരിച്ചിട്ടുണ്ട്; ഏതു ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ? | ജീവനക്കാരിൽ നിന്നും ഇതുവരെ 95,85,05,467/- രൂപ ഇൻഷ്വറൻസ് ഇനത്തിൽ പിരിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ